ഒരു കിലോ കഞ്ചാവുമായി മധ്യവയസ്ക്കൻ പോലീസ് പിടിയിൽ. വെങ്ങോല പോഞ്ഞാശേരി മങ്ങാടൻ വീട്ടിൽ സാലു (45) വിനെയാണ് പെരുമ്പാവൂർ പോലീസ് അറസ്റ്റ് ചെയ്തത്. യോദ്ധാവ് പദ്ധതിയുടെ ഭാഗമായി ജില്ലാ പോലീസ് മേധാവി വിവേക് കുമാറിന്റെ നിർദേശത്തെ തുടർന്ന് നടത്തിയ പരിശോധനയിലാണ് കഞ്ചാവ് കണ്ടെത്തിയത്.